**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2839** **22-01-2021 - ൽ മറുപടിയ്ക്ക്**

**കുഴൽക്കിണർ പെർമിറ്റ് വ്യവസ്ഥകളിൽ ഇളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . സി. മമ്മൂട്ടി | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ഗാർഹിക- കാർഷിക ആവശ്യങ്ങൾക്കുള്ള കുഴൽക്കിണറുകളെയും, സൂക്ഷ്മ- ചെറുകിട വ്യവസായങ്ങൾക്കായി പ്രതിദിനം പതിനായിരം ലിറ്റർവരെ വെള്ളം പമ്പുചെയ്യുന്ന വ്യവസായിക കുഴൽക്കിണറുകളെയും പെർമിറ്റ് വ്യവസ്ഥയിൽ നിന്ന് ഒഴിവാക്കിക്കൊണ്ടുള്ള കേന്ദ്രസർക്കാർ വിജ്ഞാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംസ്ഥാനത്ത് നടപ്പാക്കാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ; | (എ) | കേന്ദ്ര ഭൂജല അതോറിറ്റിയുടെ 2020 സെപ്റ്റംബർ 24 – ാം തീയതി പുറത്തിറക്കിയ "ഇൻഡ്യയിൽ ഭൂജലം ഉപയോഗിക്കുന്നതിനുള്ള മാർഗ്ഗരേഖ" ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖയിൽ വിവിധ ആവശ്യങ്ങൾക്കായി ഭൂജലം എടുക്കുന്നതിന് അനുവാദം നൽകുന്നതിനുള്ള ചുമതല അതാത് സംസ്ഥാനത്തിലെ ഭൂജല അതോറിറ്റികൾക്കാണ്. 2002 – ലെ കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്റ്റ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളിൽ കുഴൽക്കിണർ നിർമ്മാണത്തിനും, കിണറുകളുടെ ആഴം വർദ്ധിപ്പിക്കുന്നതിനും കിണറുകളിൽ പമ്പുകൾ ഘടിപ്പിക്കുന്നതിനും ഭൂജല അതോറിറ്റിയിൽ നിന്നും നേടേണ്ട പെർമിറ്റ് വ്യവസ്ഥയിൽ ടി മാർഗ്ഗരേഖ ഇളവുകൾ നൽകുന്നില്ല. പ്രസ്തുത മാർഗ്ഗരേഖ പ്രകാരം നിലവിൽ സംസ്ഥാന ഭൂജല അതോറിറ്റി പിന്തുടരുന്ന നിബന്ധനകൾ 2020 – ലെ കേന്ദ്ര ഭൂജല അതോറിറ്റിയുടെ മാർഗ്ഗരേഖയിലെ നിബന്ധന കളെക്കാൾ കാർക്കശ്യമേറിയതാണെങ്കിൽ അത് തന്നെ തുടരാവുന്നതുമാണ്. സംസ്ഥാന ഭൂജല അതോറിറ്റി അംഗീകരിച്ച 'കേരള സംസ്ഥാനത്തിൽ ഭൂജലം ഉപയോഗി ക്കുന്നതിനുള്ള മാർഗ്ഗരേഖ' നിലവിലുണ്ട്. കേന്ദ്ര ഭൂജല അതോറിറ്റിയുടെ പുതുക്കിയ മാർഗ്ഗരേഖ പ്രകാരം സംസ്ഥാനത്തിന് അനുയോജ്യമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി സംസ്ഥാനത്ത് നിലവിലുള്ള മാർഗ്ഗരേഖ പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത നിർദ്ദേ ശങ്ങൾ ഉൾപ്പെടുത്തി തുടർന്ന് വരുന്ന അതോറിറ്റി യോഗത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ബി) | കുടിവെള്ളക്ഷാമം നേരിടുന്നവർക്കും കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ളം കിട്ടാത്തവർക്കും വിസ്തൃതി കുറഞ്ഞ ഭൂമി ഉള്ളവർക്കും സാധാരണ | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സംസ്ഥാന സേവനാവകാശനിയമം 2012 പ്രകാരം ഭൂജലവകുപ്പിൽ നിന്നും പൊതുജനങ്ങൾക്ക് |

| | | | |
|---|---|---|---|
| | കിണർ കുഴിക്കുമ്പോൾ പാറ ഉള്ളവർക്കും കുഴൽക്കിണറിനുള്ള അപേക്ഷ നൽകി ആറ് മാസം മുതൽ ഒരു വർഷം വരെ കാത്തിരിക്കേണ്ടി വരുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം പെർമിറ്റ് ഇല്ലാതെ കുഴൽക്കിണർ കുഴിക്കാൻ നിർബന്ധിതരാകുന്നവരുടെ ബുദ്ധിമുട്ട് പരിഹരിക്കുമോ ; | | നൽകിവരുന്ന ഭൂജലപര്യവേഷണത്തിനായുള്ള സേവന കാലാവധി ഒരു വർഷമാണ്. വിജ്ഞാപനം ചെയ്യപ്പെട്ട ബ്ലോക്കുകളിൽ ഭൂജല നിർമ്മിതികളുടെ നിർമ്മാണത്തിനായുള്ള അപേക്ഷകൾ 90 ദിവസത്തിനുള്ളിൽ തീർപ്പാക്കി പെർമിറ്റ് നൽകി വരുന്നു. സർക്കാർ ഉത്തരവ് നം. G.O.(Rt) No. 545/2018/WRD, തീയതി. 25.07.2018 പ്രകാരം ഭൂജലവകുപ്പിൽ കെട്ടികിടക്കുന്ന അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്നതിന് 22 ഹൈഡ്രോജിയോളജിസ്റ്റുമാരെ എപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഒരു വർഷത്തേയ്ക്ക് നിയമിക്കുന്നതിനുള്ള ഉത്തരവ് ലഭിച്ചതിൻ പ്രകാരം 14 ഹൈഡ്രോ ജിയോളജിസ്റ്റുമാരെ വിവിധ ജില്ലകളിൽ നിയമിച്ചിരുന്നു. ഇവരിൽ 5 പേർക്ക് ഒരു വർഷത്തേയ്ക്ക് കൂടി കാലാവധി നീട്ടി നൽകുകയും ചെയ്തു. നിലവിൽ ജില്ലാ ഓഫീസുകളിൽ സമയബന്ധിതമായി ഭൂജല പര്യവേഷണ അപേക്ഷകൾ തീർപ്പു കൽപ്പിച്ചു വരുന്നു. |
| (സി) | ഓരോ ജില്ലയിലും 2020 ഡിസംബർ 31 വരെ കെട്ടിക്കിടക്കുന്ന ഭൂജലസർവ്വേയ്ക്കും കുഴൽക്കിണർ നിർമ്മാണത്തിനുമുള്ള അപേക്ഷകളുടെ എണ്ണം, തരം എന്നിവ ജില്ല തിരിച്ച് ലഭ്യമാക്കുമോ; | (സി) | ഓരോ ജില്ലയിലും 2020 ഡിസംബർ 31 വരെ കെട്ടികിടക്കുന്ന ഭൂജലസർവ്വേയ്ക്കും കുഴൽക്കിണർ നിർമ്മാണത്തിനുമുള്ള അപേക്ഷകളുടെ എണ്ണം, തരം എന്നിവയുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| (ഡി) | ഏതൊരു വ്യക്തിക്കും കേന്ദ്ര വിജ്ഞാപനപ്രകാരം വ്യാപാരത്തിനല്ലാതെ സ്വന്തം പറമ്പിൽ കുഴൽക്കിണർ നിർമ്മിക്കുന്നതിന് നിയന്ത്രണങ്ങളിൽ ഇളവുനൽകുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | 2002 – ലെ കേരള ഭൂജലം (ക്രമീകരണവും നിയന്ത്രണവും) ആക്ട് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളായ അതിയന്നൂർ ബ്ലോക്ക്, കൊടുങ്ങല്ലൂർ ബ്ലോക്ക്, കോഴിക്കോട് ബ്ലോക്ക്, ചിറ്റൂർ ബ്ലോക്ക്, കാസറഗോഡ് ബ്ലോക്ക് എന്നിവിടങ്ങളിൽ ഏതൊരു ഭൂജല നിർമ്മിതിയുടെ നിർമ്മാണത്തിനും, കിണറുകൾ ആഴം കൂട്ടുന്നതിനും, യന്ത്രവത്കരണത്തിനും സംസ്ഥാന ഭൂജല അതോറിറ്റിയുടെ അനുവാദം ആവശ്യമാണ്. ഈ നടപടി ക്രമത്തിൽ ഇളവ് നൽകുന്നത് വകുപ്പിന്റെ പരിഗണനയിലില്ല. നിലവിൽ സംസ്ഥാനത്ത് പുതുതായി കുഴൽക്കിണർ നിർമ്മിക്കുന്നതിന് താഴെ പറയുന്ന നടപടിക്രമങ്ങളും നിലവിലുണ്ട്. (എ) കേരള പഞ്ചായത്ത്/മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം പുതുതായി കുഴൽക്കിണർ നിർമ്മാണം നടത്തുകയാണെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും പെർമിറ്റ് നേടേണ്ടതുണ്ട്. പെർമിറ്റ് ലഭ്യമാക്കണമെങ്കിൽ ഭൂജല വകുപ്പിൽ നിന്നും നിരാക്ഷേപപത്രം/ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് നേടേണ്ടതാണ്. (ബി) ബഹു. സുപ്രീം കോടതിയുടെ 06.08.2010 – ലെ WP(C)No. 36/2009 – ലെ ഉത്തരവ് അനുസരിച്ച് കുഴൽക്കിണർ |

| | | | |
|---|---|---|---|
| | | | നിർമ്മാണത്തിന് 15 ദിവസം മുൻപ് ജില്ലാ കളക്ടർ/ ഗ്രാമപഞ്ചായത്ത് തലവൻ, ഹെൽത്ത്/ മുനിസിപ്പാലിറ്റി/ ഭൂജലവകുപ്പ് അധികാരികളെയോ രേഖാമൂലം അറിയിക്കേ ണ്ടതാണ്. 2020 - ലെ കേന്ദ്ര ഭൂജല അതോറിറ്റിയുടെ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം മേൽ സൂചിപ്പിച്ച നടപടി ക്രമങ്ങളിൽ ഇളവുകൾ വരുത്തുന്നതിന് സാദ്ധ്യമല്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം – 1

**ഭൂജലവകുപ്പിൽ ഓരോ ജില്ലയിലും 2020 ഡിസംബർ 31 വരെ ഭൂജലസർവ്വേയും കുഴൽക്കിണർ നിർമ്മാണത്തിനുമുള്ള പൂർത്തീകരിക്കാനുള്ള അപേക്ഷകളുടെ എണ്ണം**

| ക്രമ നം. | ജില്ല | ഭൂജല സർവ്വേ | | കുഴൽക്കിണർ നിർമ്മാണം |
|---|---|---|---|---|
| | | കിണറിന്റെ തരം | പൂർത്തീകരിക്കാനുള്ള അപേക്ഷകളുടെ എണ്ണം | പൂർത്തീകരിക്കാനുള്ള അപേക്ഷകളുടെ എണ്ണം |
| 1 | തിരുവനന്തപുരം | തുറന്ന കിണർ | 8 | 0 |
| | | ബോർ വെൽ | 185 | 135 |
| | | ട്യൂബ് വെൽ | 12 | 0 |
| | | ഫിൽറ്റർ പോയിന്റ് | 0 | 0 |
| 2 | കൊല്ലം | തുറന്ന കിണർ | 2 | 0 |
| | | ബോർ വെൽ | 283 | 26 |
| | | ട്യൂബ് വെൽ | 119 | 10 |
| | | ഫിൽറ്റർ പോയിന്റ് | 34 | 1 |
| 3 | പത്തനംതിട്ട | തുറന്ന കിണർ | 7 | 0 |
| | | ബോർ വെൽ | 381 | 13 |
| | | ട്യൂബ് വെൽ | 0 | 0 |
| | | ഫിൽറ്റർ പോയിന്റ് | 0 | 0 |
| 4 | കോട്ടയം | തുറന്ന കിണർ | 2 | 0 |
| | | ബോർ വെൽ | 793 | 11 |
| | | ട്യൂബ് വെൽ | 0 | 0 |
| | | ഫിൽറ്റർ പോയിന്റ് | 0 | 0 |
| 5 | ആലപ്പുഴ | തുറന്ന കിണർ | 5 | 0 |
| | | ബോർ വെൽ | 18 | 1 |
| | | ട്യൂബ് വെൽ | 26 | 34 |
| | | ഫിൽറ്റർ പോയിന്റ് | 9 | 15 |
| 6 | ഇടുക്കി | തുറന്ന കിണർ | 4 | 0 |
| | | ബോർ വെൽ | 790 | 41 |
| | | ട്യൂബ് വെൽ | 0 | 0 |
| | | ഫിൽറ്റർ പോയിന്റ് | 0 | 0 |
| 7 | എറണാകുളം | തുറന്ന കിണർ | 7 | 0 |
| | | ബോർ വെൽ | 162 | 19 |
| | | ട്യൂബ് വെൽ | 0 | 0 |
| | | ഫിൽറ്റർ പോയിന്റ് | 1 | 0 |
| 8 | തൃശ്ശൂർ | തുറന്ന കിണർ | 2 | 0 |
| | | ബോർ വെൽ | 233 | 23 |
| | | ട്യൂബ് വെൽ | 0 | 0 |
| | | ഫിൽറ്റർ പോയിന്റ് | 0 | 0 |

| | | | | |
|---|---|---|---|---|
| 9 | പാലക്കാട് | തുറന്ന കിണർ | 0 | 0 |
| | | ബോർ വെൽ | 455 | 20 |
| | | ട്യൂബ് വെൽ | 0 | 0 |
| | | ഫിൽറ്റർ പോയിന്റ് | 0 | 0 |
| 10 | മലപ്പുറം | തുറന്ന കിണർ | 31 | 0 |
| | | ബോർ വെൽ | 82 | 26 |
| | | ട്യൂബ് വെൽ | 0 | 0 |
| | | ഫിൽറ്റർ പോയിന്റ് | 0 | 0 |
| 11 | വയനാട് | തുറന്ന കിണർ | 23 | 0 |
| | | ബോർ വെൽ | 92 | 9 |
| | | ട്യൂബ് വെൽ | 0 | 0 |
| | | ഫിൽറ്റർ പോയിന്റ് | 0 | 0 |
| 12 | കോഴിക്കോട് | തുറന്ന കിണർ | 170 | 0 |
| | | ബോർ വെൽ | 1673 | 16 |
| | | ട്യൂബ് വെൽ | 0 | 0 |
| | | ഫിൽറ്റർ പോയിന്റ് | 0 | 0 |
| 13 | കണ്ണൂർ | തുറന്ന കിണർ | 79 | 0 |
| | | ബോർ വെൽ | 746 | 8 |
| | | ട്യൂബ് വെൽ | 0 | 0 |
| | | ഫിൽറ്റർ പോയിന്റ് | 0 | 0 |
| 14 | കാസർഗോഡ് | തുറന്ന കിണർ | 143 | 0 |
| | | ബോർ വെൽ | 424 | 10 |
| | | ട്യൂബ് വെൽ | 0 | 0 |
| | | ഫിൽറ്റർ പോയിന്റ് | 0 | 0 |

(signature)
Section Officer